ഉത്തരം

(എ-ഡി) ഉത്തരം യഥാക്രമം അനുബന്ധം എ,ബി,സി, ആയി ചേർത്തിരിക്കുന്നു.*

മലപ്പുറം ജില്ലയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതി

130 (1858) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നടപ്പാക്കിയ വൻകിട-ചെറുകിട കുടിവെള്ള പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചതും ചെലവാക്കിയതുമായ തുക മണ്ഡലം അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

എസ്.എൽ.എസ്.സി. അംഗീകരിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾ

131 (1859) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തിൽ എസ്.എൽ.എസ്.സി. അംഗീകരിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള തടസ്സം വ്യക്തമാക്കുമോ ;

(ഡി) എന്നത്തേക്ക് ഭരണാനുമതി നൽകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി. 181.20 കോടിരൂപയുടെ 40 കവറേജ് പദ്ധതികൾക്കും 46.81 കോടി രൂപയുടെ 3 പുതുക്കിയ ഭരണാനുമതിക്കുള്ള പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി (1&2) ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി) പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ഡി) സർക്കാരിൽനിന്നും പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ആവശ്യമായരേഖകൾ ലഭിക്കുകയും ആയവ സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിക്കുകയും ചെയ്തശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly